ഉത്തരം

(എ) കെൽട്രോൺ കൗണ്ടേഴ്സ്, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ആസ്ട്രൽ വാച്ചസ് എന്നീ കമ്പനികളുടെ 100 ശതമാനം ഓഹരികൾ കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓരോ പൊതുമേഖലാ സ്ഥാപനത്തെയും സംബന്ധിച്ചു പ്രത്യേകമായി പഠനം നടത്തി പുനരുദ്ധാരണ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ്. ഇ.ആർ.സി. ചെയ്യുന്നത്. ഓഹരി വിൽപ്പന സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങളൊന്നും ഇ.ആർ.സി.യിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം ഇപ്പോൾ ടെൽക്കിന്റെ 26 മുതൽ 49 ശതമാനം വരെ ഓഹരികളാണ് കൈമാറുന്നതിന് തീരുമാനിച്ചിരിക്കുന്നത്.

(ഇ) ടെൽക്കിന് 114 ഏക്കർ ഭൂമിയുണ്ട്. പുനരുദ്ധാരണ പദ്ധതി പ്രകാരം വിൽക്കാനുദ്ദേശിക്കുന്ന 50 ഏക്കർ സ്ഥലത്തിന്റെ കളക്ടർ നിശ്ചയിച്ച വില ഒരു സെന്റിന് 35,265 രൂപ ആകുന്നു.

(എഫ്) ടെൽക്ക് 2001-2002 വർഷത്തിൽ 608 ലക്ഷം രൂപ പ്രവർത്തന നഷ്ടവും, 2002-2003 വർഷത്തിൽ 377 ലക്ഷം രൂപ പ്രവർത്തന ലാഭവുമുണ്ടാക്കി. 2001-2002 വരെ 65.69 കോടി സഞ്ചിത നഷ്ടം കമ്പനിക്ക് ഉണ്ടായിട്ടുണ്ട്.

(ജി) അല്ല.

(എച്ച്) തീരുമാനിച്ചിട്ടില്ല.

യു.എൻ.ഡി.പി. സഹായത്തോടുകൂടി പുനരുജ്ജീവിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

121 (1187) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. സുജനപാൽ:
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എൻ.ഡി.പി. സഹായത്തോടുകൂടി എത്ര പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യു.എൻ.ഡി.പി. യുടെ സഹായത്തോടുകൂടി പുനരുജ്ജീവിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) അവയുടെ ഇപ്പോഴത്തെ പ്രവർത്തന നിലവാരം എപ്രകാരമുണ്ടെന്ന് വിശദീകരിക്കാമ്മോ ?

ഉത്തരം

(എ) യു.എൻ.ഡി.പി. സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയ മൂന്ന് പൊതുമേഖലാസ്ഥാപനങ്ങളിൽ ഒന്നിലും പൂർണ്ണമായും പുനരുദ്ധാരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) യു.എൻ.ഡി.പി. സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതി പ്രകാരം നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) യു. എൻ. ഡി. പി. സഹായത്തോടുകൂടി പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ ശ്രമിച്ച കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ആട്ടോകാസ്റ്റ് എന്നീ മൂന്നു സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രോത്സാഹജനകമല്ലെന്നു കണ്ടതിനെത്തുടർന്ന് ഇ. ആർ. സി. പഠനവിധേയമാക്കുകയുണ്ടായി. അതനുസരിച്ച് കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ആട്ടോ കാസ്റ്റ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ. എ. ഡിവിഷൻ എന്നിവ സ്വകാര്യപങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിനും, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ ഫോർമുലേഷൻ ഡിവിഷൻ പൊതുമേഖലയിൽത്തന്നെ നിലനിറുത്തുവാനും സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർ

122 (1188) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാർ ആരൊക്കെയാണ് ;

(ബി) ഇവയിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരൊക്കെയാണ് ;

(സി) പ്രസ്തുത ഡയറക്ടർമാരായി നിയമിക്കപ്പെടുന്നതിനു എന്തൊക്കെ യോഗ്യതകളാണ് വേണ്ടത് ;

(ഡി) വേണ്ടത്ര യോഗ്യതകളില്ലാത്തവരെ ഒഴിവാക്കി പ്രൊഫഷണലുകളെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly